# പത്രക്കുറിപ്പ്

ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷൻ തിരുവനന്തപുരം ജില്ലയിലെ അരുവിക്കര നിയോജകമണ്ഡലത്തിൽ ഉപതെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചു. 2015 ജൂൺ 27 ന് വോട്ടെടുപ്പും 30 ന് വോട്ടെണ്ണലും നടത്തും. ഇതു സംബന്ധിച്ച വിജ്ഞാപനം ജൂൺ 3 ന് പുറപ്പെടുവിക്കും. നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 10 ആണ്. സൂക്ഷ്മ പരിശോധന 11 ന് നടത്തും. പത്രികകൾ പിൻവലിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 13 ആണ്.

രാവിലെ 8 മുതൽ വൈകിട്ട് 5 മണി വരെയാണ് വോട്ടെടുപ്പ് സമയം. അരുവിക്കര നിയോജകമണ്ഡലം സ്ഥിതി ചെയ്യുന്ന തിരുവനന്തപുരം ജില്ലയിൽ ഇന്ന് (മേയ് 26) മുതൽ മാതൃകാ പെരുമാറ്റച്ചട്ടം ബാധകമായിരിക്കും.

മണ്ഡലത്തിന്റെ വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിന്, നാമനിർദ്ദേശ പത്രിക സ്വീകരിക്കുന്ന അവസാന തീയതിയായ ജൂൺ 10-ാം തീയതിയ്ക്ക് 10 ദിവസം മുമ്പ് അതായത് മേയ് 31 -ാം തീയതി വരെ ലഭിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.

തിരുവനന്തപുരം
26.05.2015

**നളിനി നെറ്റോ**
മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ